# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം - 7241** — **11.07.2014-** ൽ മറുപടിക്ക്

## റോഡ് അറ്റകുറ്റപ്പണി

**ചോദ്യം**

**ശ്രീ. വി.പി. സജീന്ദ്രൻ**
**,, ഡൊമിനിക് പ്രസന്റേഷൻ**
**,, വി.റ്റി. ബൽറാം**
**,, ജോസഫ് വാഴക്കൻ**

(എ) റോഡുകളുടെ ദീർഘകാല അടിസ്ഥാനത്തിലുള്ള അറ്റകുറ്റപ്പണികളുടെ വാർഷിക ആവർത്തന ചെലവുകൾ കുറയ്ക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് തയ്യാറാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ ;

(ബി) ശബരിമലയിലേയ്ക്കുള്ള റോഡുകളുടെ നിർമ്മാണത്തിലും അറ്റകുറ്റപ്പണികളിലും അവലംബിച്ച രീതി മറ്റു റോഡുകളുടെ കാര്യത്തിലും പരിഗണിക്കുമോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഈ രീതി ഏതെല്ലാം പാതകളിലാണ് പ്രാവർത്തികമാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

**മറുപടി**

**ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്**
**(പൊതുമരാമത്ത് വകുപ്പുമന്ത്രി)**

(എ) യും (ബി) യും റോഡുകളുടെ ദീർഘ കാലാടിസ്ഥാനത്തിലുള്ള അറ്റകുറ്റപ്പണികളുടെ വാർഷിക ആവർത്തന ചെലവ് കുറയ്ക്കുന്നതിലേയ്ക്കായി ദീർഘ കാലാടിസ്ഥാനത്തിലുള്ള ഗ്യാരണ്ടിയോടുകൂടി ഹെവി മെയിന്റനൻസ് പ്രവൃത്തികൾ ഏറ്റെടുത്തു വരുന്നു. ആദ്യഘട്ടമെന്ന നിലയിലാണ് ശബരിമലയിലേക്കുള്ള റോഡുകളുടെ പ്രവൃത്തികൾ ഇത്തരത്തിൽ ഏറ്റെടുത്തിട്ടുള്ളത്. ഇതു കൂടാതെ സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട റോഡുകളുടെ പ്രവൃത്തികൾ റോഡ് ഫണ്ട് ബോർഡ്, RICK, KSTP മുതലായവയുടെ പദ്ധതികൾ പ്രകാരവും ഏറ്റെടുത്തു നടത്തി വരുന്നു. ബി.എം. & ബി.സി പ്രവൃത്തികളിലെല്ലാം തന്നെ നിശ്ചിത കാലയളവിലേക്കുള്ള ഗ്യാരണ്ടി കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. മേൽ വിവരിച്ച പ്രവൃത്തികളെല്ലാം തന്നെ ആവർത്തന ചെലവ് കുറയ്ക്കുന്നതിന് ഉതകുന്നവയാണ്.

(സി) സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട സംസ്ഥാന പാതകളിലും, പ്രധാന ജില്ലാ റോഡുകളിലുമാണ് ഇത്തരം പദ്ധതികൾ പ്രാവർത്തികമാക്കുന്നത്.

സെക്ഷൻ ഓഫീസർ